## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** - 1010 10.06.2019-ലെ മറുപടി

**കുടിവെള്ളം ലഭ്യമാക്കുവാൻ ജല അതോറിറ്റി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.ഡി.സതീശൻ** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുവാൻ ജല അതോറിറ്റി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | എ) കേരള ജല അതോറിറ്റി നിലവിൽ 1081 ശുദ്ധജലവിതരണ പദ്ധതികളിലൂടെ സംസ്ഥാനത്തെ ഏകദേശം 1,87,93,923 ജനങ്ങൾക്ക് 24.40 ലക്ഷം കണക്ഷനുകളിലൂടെയും, 2.04 ലക്ഷം പൊതു ടാപ്പുകൾ വഴിയും കുടിവെള്ളം വിതരണം ചെയ്തു വരുന്നു. കേന്ദ്ര/സംസ്ഥാന സർക്കാരിന്റെയും വിവിധ ധനകാര്യസ്ഥാപനങ്ങളുടെ സഹായത്തോടു കൂടി നടപ്പിലാക്കിയ ഗ്രാമീണ-നഗര ജലവിതരണ പദ്ധതികൾ ഇതിനകം തന്നെ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. നിലവിൽ കേരള ജല അതോറിറ്റിയിൽ 2744 ദശലക്ഷം ലിറ്റർ ശുദ്ധജലമാണ് പ്രതിദിനം വിതരണം ചെയ്യുന്നത്. ഇപ്പോൾ ജല അതോറിറ്റിയിൽ 8736.83 കോടി രൂപയുടെ (നബാർഡ് - 881.50, സ്റ്റേറ്റ് പ്ലാൻ - 837.99, NRDWP - 1444.08, JnNURM - 83.38, JICA - 206.21, കിഫ്ബി - 4232.81, അമൃത് - 1050.86) പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| ബി) കാലപ്പഴക്കം ചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റിസ്ഥാപിക്കാത്തതു കാരണം ജല വിതരണത്തിലുണ്ടാകുന്ന തകരാറുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഈ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; | ബി) പൈപ്പുകളുടെ കാലപഴക്കം മൂലം ചോർച്ച വഴി ജലം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി പഴയതും കേടായതുമായ പൈപ്പുകൾ വിവിധ പദ്ധതികളിൽ ഉൾപെടുത്തി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ജലവിതരണ ശൃംഖലയിലെ ചോർച്ച വഴിയുള്ള ജലനഷ്ടം കുറയ്ക്കുന്നതിലേക്കായി വിതരണ ശൃംഖലയിലെ അറ്റകുറ്റപണികൾ അടിയന്തരമായി നടത്തി വരുന്നു. ഇതിനായി എല്ലാ ഡിവിഷൻ ഓഫീസുകളുടെയും കീഴിൽ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി കേരള ജല അതോറിറ്റിക്ക് |

ഭരണാനുമതി ലഭിച്ച 1050.86 കോടി രൂപയുടെ പ്രവർത്തികളിൽ, 146.09 കോടി രൂപയുടെ പ്രവർത്തികൾ കാലപ്പഴക്കം ചെന്ന പൈപ്പുകളും മോട്ടോറുകളും മാറ്റി പുതിയവ സ്ഥാപിച്ച് അത് വഴി ജലചോർച്ച ഒഴിവാക്കുവാൻ വേണ്ടിയുള്ളതാണ്. ഈ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി വഴി നടപ്പിലാക്കാനായി വാട്ടർ അതോറിറ്റിയുടെ 11 സർക്കിളുകളിലെ പദ്ധതികൾക്ക് 433.33 കോടി രൂപയുടെ തത്വത്തിൽ അനുമതി നല്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇവയിൽ 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം മൂവാറ്റുപുഴ, തൃശ്ശൂർ, മലപ്പുറം,പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പ്രൊപ്പോസലുകൾക്കു 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്

സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ; ഇതിൽ ഏതൊക്കെ പദ്ധതികൾ ഇതിനകം കമ്മീഷൻ ചെയ്തു;

സി) .കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച 61 കുടിവെള്ളപദ്ധതികളിൽ 50 കുടിവെള്ള പദ്ധതികൾക്ക് 2853.074 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ബാക്കി 963.52 കോടി രൂപയുടെ 10 കുടിവെള്ള പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. ശേഷിക്കുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. വിശദാംശങ്ങൾ അനുബന്ധം-1 ൽ ചേർക്കുന്നു.കമ്മീഷൻ ചെയ്ത പദ്ധതികൾ അനുബന്ധം-2 ൽ ചേർക്കുന്നു.

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിൽ ഉൾപ്പെട്ട ജലവിതരണ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ; ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടത്ര വേഗതയില്ലായെന്ന ആക്ഷേപം പരിഹരിക്കുവാൻ

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃതിൽ കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന ജലവിതരണ പ്രവർത്തികൾ എല്ലാം തന്നെ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം : 3 ആയി ചേർക്കുന്നു.

അമൃത് പ്രവർത്തികൾ എല്ലാം തന്നെ സംസ്ഥാനത്തെ നഗര പരിധികളിൽ വരുന്നതിനാൽ പൈപ്പ് സ്ഥാപിക്കുന്നതിനായി PWD/NH-ൽ നിന്ന് റോഡ് കട്ടിങ് അനുമതി ലഭിക്കുന്നതിനുള്ള കാലതാമസ്സം പദ്ധതിയുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. ആയതിനാൽ

| | |
|---|---|
| സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | പ്രസ്തുത വിഷയം പരിഹരിക്കുന്നതിനു വേണ്ടി വിവിധ തലങ്ങളിൽ ഇടപെടലുകൾ നടത്തിയെങ്കിലും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ PWD റോഡ് കട്ടിംഗ് അനുമതി വൈകുന്നു. ഇക്കാര്യം അമൃത് പദ്ധതിയുടെ ഉന്നതാധികാരസമിതിയായ സ്റ്റേറ്റ് ഹൈപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി (SHPSC) യുടെ ശ്രദ്ധയിൽപ്പെടുത്തുകയും 11/12/2018-ൽ നടന്ന 20-മത് SHPSC മീറ്റിങ്ങിൽ SHPSC ചെയർമാനായ ചീഫ് സെക്രട്ടറി അമൃത് പദ്ധതിയിൽ ഉൾപ്പെട്ട കേരള ജല അതോറിറ്റിയുടെ പ്രവർത്തികൾക്ക് ആവശ്യമായ PWD റോഡ് മുറിക്കൽ അനുമതിയുടെ കാലതാമസം ഒഴിവാക്കുന്നതിനായി PWD യിൽ നിന്നും ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അടിയന്തിര നടപടി എടുക്കണം എന്ന് കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടറോട് നിർദ്ദേശിച്ചു. കണ്ണൂർ കോർപ്പറേഷനിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനായി ബഹു: തുറമുഖ, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രിയുടെയും, കേരള വാട്ടർ അതോറിറ്റി, PWD, കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ സംയുക്ത യോഗങ്ങൾ വിളിച്ചു. ഇതനുസരിച്ച് അമൃത് പദ്ധതിയിൽ ഉൾപ്പെട്ട കേരള ജല അതോറിറ്റിയുടെ പ്രവർത്തികൾക്ക് ആവശ്യമായ റോഡ് മുറിക്കൽ അനുമതി PWD യിൽ നിന്ന് ലഭ്യമാകുകയും കണ്ണൂർ കോർപ്പറേഷനിലെ അമൃത് പ്രവർത്തികൾ എല്ലാം തന്നെ ദ്രുതഗതിയിൽ പുരോഗമിക്കുകയും ചെയ്യുന്നു. കേരള ജല അതോറിറ്റി PWD റോഡ് മുറിക്കലിനായി സമർപ്പിച്ച സർക്കാർ ഉത്തരവിന്റെ പ്രോപ്പോസൽ സർക്കാരിൻറെ പരിഗണനയിൽ ആണ്. പദ്ധതി നിർവഹണത്തിലെ ഈ തടസ്സങ്ങൾ യഥാസമയം പരിഹരിച്ചാൽ അമൃത് പദ്ധതിയിലൂടെ അനുമതി ലഭിച്ച എല്ലാ പ്രവർത്തികളും 2020 മാർച്ച് 31- ഓടെ പൂർത്തിയാക്കി ഈ പദ്ധതി കൊണ്ടുള്ള പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാനാണ് ജല അതോറിറ്റി ഉദ്ദേശിക്കുന്നത്. അമൃത് പദ്ധതിയിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന 1050.47 കോടി രൂപയുടെ 166 പദ്ധതികളാണുള്ളത്. ജല ശുദ്ധീകരണ പ്ലാന്റുകളുടെ നിർമ്മാണം, ഓവർഹേഡ് ടാങ്കുകൾ, പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ, നിലവിലെ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ, വീടുകളിലെ പൈപ്പ് കണക്ഷൻ തുടങ്ങിയ പ്രവർത്തികളാണ് നടപ്പിലാക്കുന്നത്. വാട്ടർ അതോറിറ്റി മുഖാന്തിരം നടപ്പിലാക്കുന്ന 166 പദ്ധതികൾക്ക് 1050.47 കോടി രൂപയുടെ ഭരണാനുമതിയും, 1045.18 കോടി രൂപയ്ക്ക് 165 പദ്ധതികൾക്ക് സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. 1045.18 കോടി രൂപയുടെ 165 പദ്ധതികൾക്ക് ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |

963.66 കോടി രൂപയുടെ 157 പദ്ധതികൾ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. 31 പദ്ധതികൾ പൂർത്തീകരിച്ചു. വാട്ടർസ്സൈ സെക്ടറിൽ നാളിതുവരെ 327.15 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെയും നാഷണൽ ഹൈവേ, കെ.എസ്.ടി.പി, കെ.ആർ.എഫ്.ബി, തുടങ്ങിയ വകുപ്പുകളുടെ അധീനതയിലുള്ള റോഡ് കട്ടിംഗ് അനുവാദം ലഭിക്കുന്നതിന് കാലതാമസം നേരിട്ടു. ആയത് പരിഹരിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. അമൃത് വഴി നടപ്പിലാക്കുന്ന വാട്ടർ സപ്ലൈ സെക്ടറിലെ എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

RenukaSankar
സെക്ഷൻ ഓഫീസർ

**കിഫ്ബിയിൽ നിന്നും അനുമതിയും ലഭിച്ച പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുമതി ലഭിച്ച തുക (കോടിയിൽ) | തല്സ്ഥിതി |
|---|---|---|---|
| 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും, വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 35 | പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. |
| 2 | തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 58 | ഒന്നാം രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിച്ച് വരുന്നു. ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് മൂന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. ഒന്നു മുതൽ മൂന്ന് വരെയുള്ള പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നതനുസരിച്ച് നാലാം പാക്കേജ് ടെണ്ടർ വിളിക്കുന്നതാണ് |
| 3 | കൊല്ലം കോർപ്പറേഷൻ- രണ്ടാംഘട്ടം കുടിവെള്ള പദ്ധതി വിപുലീകരണം | 235 | ഒന്നാം രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിച്ച് വരുന്നു. പാക്കേജ്-3 ന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. ഒന്നു മുതൽ മൂന്ന് വരെയുള്ള പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നതനുസരിച്ച് നാലും അഞ്ചും പാക്കേജ് ടെണ്ടർ വിളിക്കുന്നതാണ്. |
| 4 | കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടം | 76 | ഒന്നാം രണ്ടും മൂന്നാം പാക്കേജുകളുടെ പണികൾ പുരോഗമിച്ച് വരുന്നു. നാലാമത്തെ പാക്കേജിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു |
| 5 | പൊന്നാനിയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടി യുള്ള സമഗ്ര കുടിവെള്ള പദ്ധതി | 74.4 | ഒന്നാം രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിച്ച് വരുന്നു. ഒന്നും രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിക്കുന്നതനുസരിച്ച് മൂന്നാം പാക്കേജ് ടെണ്ടർ വിളിക്കുന്നതാണ് |
| 6 | കൊയിലാണ്ടി മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 85 | ഒന്നാം രണ്ടും മൂന്നാം പാക്കേജുകളുടെ പണികൾ പുരോഗമിച്ച് വരുന്നു. നാലാമത്തെ പാക്കേജിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു |
| 7 | തൊടുപുഴ മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 34 | ഒന്നാം രണ്ടുംപാക്കേജുകളുടെ പണികൾ പുരോഗമിച്ച് വരുന്നു. |
| 8 | കോട്ടയം മുനിസിപ്പാലിറ്റിയ്ക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 50 | ഒന്നാമത്തെ പാക്കേജിന്റെ പണികൾ പുരോഗമിച്ച് വരുന്നു. രണ്ടാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 9 | തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം | 185 | ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ് |

| | | | |
|---|---|---|---|
| 10 | മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 76.6 | ഒന്നും രണ്ടും മൂന്നും പാക്കേജുകളുടെ പണികൾ പുരോഗമിച്ചു വരുന്നു. നാലാമത്തെ പാക്കേജിന്റെക ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു. ഭൂമി ലഭ്യമാക്കുന്ന മുറയ്ക്ക് ടി പാക്കേജിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| 11 | ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം | 16.5 | പദ്ധതി പൂർത്തീകരിച്ചു കമ്മീഷൻ ചെയ്തു. |
| 12 | കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി – വിതരണശൃംഖല മെച്ച പ്പെടുത്തൽ, | 12 | പദ്ധതി പൂർത്തീകരിച്ചു കമ്മീഷൻ ചെയ്തു. |
| 13 | മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല സ്ഥാപിക്കൽ | 18 | പദ്ധതി പൂർത്തീകരിച്ചു കമ്മീഷൻ ചെയ്തു. |
| 14 | തിരുവാലിയും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണശൃംഖല വിപുലീകരണം –ഘട്ടം I & II- തിരുവാലി, വണ്ടൂർ - ഒന്നാം ഭാഗം | 22.2 | പണികൾ പുരോഗമിച്ചു വരുന്നു. |
| 15 | [illegible]യും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം - ഘട്ടം-II | 24.5 | ഒന്നും രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിച്ചു വരുന്നു. |
| 16 | കടമക്കുടി പഞ്ചായത്തിന്റെ വിതരണശൃംഖല മെച്ചപ്പെടുത്തൽ | 12 | പണികൾ പുരോഗമിച്ചു വരുന്നു. |
| 17 | വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ | 16.5 | പണികൾ പുരോഗമിച്ചു വരുന്നു. |
| 18 | പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണശൃംഖല മെച്ചപ്പെടുത്തൽ ഘട്ടം-2 | 41.4 | ഒന്നാമത്തെ പാക്കേജിന്റെ പണികൾ പുരോഗമിച്ചു വരുന്നു. രണ്ടാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 19 | ചീക്കോട് കുടി വെള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള രാമനാട്ടുകര കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ | 26 | ഒന്നും രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിച്ചു വരുന്നു. |
| 20 | കല്ലുവാതുക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാംഘട്ടം | 27 | ഒന്നും രണ്ടും അഞ്ചും പാക്കേജുകളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പാക്കേജ് മൂന്നിന്റെ പ്രവർത്തി കരാർ വിളിക്കുന്നതിന് സാങ്കേതികാനുമതിയും എസ്റ്റിമേറ്റ് അനുമതിയും ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. പാക്കേജ്-4 ൻറെ പ്രവർത്തികൾ പൂർത്തീകരിച്ചു |
| 21 | [illegible] പഞ്ചായത്തിന് വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഘട്ടം -I | 10 | പദ്ധതി പൂർത്തീകരിച്ചു കമ്മീഷൻ ചെയ്തു. |
| 22 | തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി | 22 | പാക്കേജ്-I ൻറെ പണികൾ പുരോഗമിച്ചു വരുന്നു. |
| 23 | താനൂർ മുനിസിപ്പാലിറ്റിയും സമീപ 4 പഞ്ചായത്തു കൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി- ഘട്ടം -I | 100 | ഒന്നും രണ്ടും പാക്കേജുകളുടെ പണികൾ പുരോഗമിച്ചു വരുന്നു. മൂന്നാമത്തെ പാക്കേജിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| 24 | പട്ടാഴി, പട്ടാഴി വടക്കേക്കര, മൈലം ,തലവൂർ പഞ്ചായത്തുകളിലെക്കുള്ള ജലവിതരണ പദ്ധതി - രണ്ടാം ഘട്ടം | 60.13 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| 25 | ചാഴൂർ, അന്തിക്കാട്, താന്ന്യം പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 34.76 | സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| 26 | കോടശ്ശേരി പരിയാരം ,ആതിരപ്പള്ളി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 58.61 | സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| 27 | നാട്ടിക ഫർക്ക കുടിവെള്ള പദ്ധതി | 69.96 | സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| 28 | എടയൂർ- ഇരിമ്പിളിയം – വളാഞ്ചേരി കുടിവെള്ള പദ്ധതി | 72.17 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| 29 | അയ്യപ്പൻകോവിൽ ജലവിതരണ പദ്ധതി | 46.424 | സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| 30 | ചിറയിൻകീഴ് മണ്ഡലത്തിലെ തീരപ്രദേശങ്ങളിലെക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 19.87 | കിണറിനുള്ള സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 31 | മാനന്തവാടി- അലിഗർ കുടിവെള്ള പദ്ധതി | 92.52 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| 32 | ഇടവണ്ണ പഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം | 47.21 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| 33 | തലശ്ശേരി- കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി | 85.86 | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 34 | പുളിമാത്ത് , നഗരൂർ, കരവാരം പഞ്ചായത്തുകലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി-ഒന്നാം ഘട്ടം (ബജറ്റ് മറുപടി പ്രസംഗത്തിൽ ഉൾപ്പെട്ടത്) | 81.81 | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 35 | എലവഞ്ചേരി- പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതി | 17.58 | സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| 36 | കരിമ്പ, കോങ്ങാട് പഞ്ചായത്തുകളിലെക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 28.3 | സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| 37 | ഫറൂക്ക് കരുവൻതുരുത്തി കുടിവെള്ള പദ്ധതി | 18.64 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| 38 | വണ്ടാഴി, കിഴക്കഞ്ചേരി- വടക്കഞ്ചേരി- കന്നമ്പ്ര പഞ്ചായത്തുകളിലലേക്കുള്ളസമഗ്ര ശുദ്ധജല വിതരണ പദ്ധതി- രണ്ടാം ഘട്ടം | 69.54 | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |

| | | | |
|---|---|---|---|
| 39 | [illegible] കുടിവെള്ള പദ്ധതി | 68.64 | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 40 | ആല-പുലിയൂർ. ബുധനൂർ.പാണ്ടനാട് പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി | 188.68 | സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 41 | അങ്കമാലി കുടിവെള്ള വിതരണ പദ്ധതിയുടെ ദീർഘിപ്പിക്കൽ | 115.93 | സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 42 | മലമ്പുഴയിലെ വിവിധ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായുള്ള കുടിവെള്ള പദ്ധതി | 64.14 | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 43 | മഞ്ചേരി സബർബൻ കുടിവെള്ള പദ്ധതി | 72.58 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| 44 | കണ്ണൂർ ജില്ലയിലെ പേരാവൂർ, മുഴക്കുന്ന്, പായം,അച്ചൻകുന്ന് എന്നിവിടങ്ങളിലേക്കുള്ള ജലവിതരണ പദ്ധതി- ഒന്നാം ഘട്ടം | 76.01 | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 45 | [illegible] ജലവിതരണ പദ്ധതി | 60 | സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 46 | കുഞ്ഞിമംഗലം, ചെറുതാഴം, ഏഴിമല നേവൽ അക്കാഡമി എന്നിവിടങ്ങളിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതി- ഒന്നാം ഘട്ടം | 56.89 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| 4 | എറണാകുളം ജില്ലയിലെ പൈങ്ങോട്ടൂർ പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതി | 28.82 | സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| 48 | പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ, വടകരപ്പതി, എരുത്തേമ്പതി പഞ്ചായത്തുകളിലെക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 23.77 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| 49 | പാലക്കാട് ജില്ലയിലെ പെരുമാട്ടി, പട്ടഞ്ചേരി, എലപ്പുള്ളി, നല്ലേപ്പുള്ളി പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി-രണ്ടാം ഘട്ടം | 25.99 | ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |
| 50 | ഒറ്റപ്പാലം താലൂക്കിലെ അമ്പലപ്പാറ പഞ്ചായത്തുകളിലേ ക്കുള്ള കുടിവെള്ള പദ്ധതി -രണ്ടാം ഘട്ടം | 11.14 | സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |
| | **ആകെ** | **2853.074** | |

## സർക്കാരിൽ നിന്നും തത്വത്തിൽ അംഗീകാരം ലഭ്യമാക്കി കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ച പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക (കോടിയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം നെയ്യാർ ഡാം ഇതര ഉറവിടമാക്കിയുള്ള ജലവിതരണ പദ്ധതി | 203.89 |
| 2 | മുദാക്കൽ പഞ്ചായത്തിലെ ജലവിതരണ പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾ | 11.58 |
| 3 | കാരോട് പഞ്ചായത്തിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 86 |
| 4 | ആര്യനാട്, കോട്ടുകൽ പഞ്ചായത്തുകളിലേക്കുള്ള ശുദ്ധീകരിച്ച ജലവിതരണ പദ്ധതി | 25 |
| 5 | കിഴക്കൻ മല ജലവിതരണ പദ്ധതി | 38.5 |
| 6 | കരുമാല്ലൂർ പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതി | 36.5 |
| 7 | ഏറ്റുമാനൂർ കുടിവെള്ള പദ്ധതി | 58.55 |
| 8 | കുട്ടനാട് കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം | 241 |
| 9 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ജലവിതരണ ശൃംഖലയുടെ വിപുലീകരണവും നവീകരണവും | 184 |
| 10 | കൊണ്ടോട്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി | 78.5 |
| | **ആകെ** | **963.52** |

## ഭരണാനുമതിയ്ക്കുവേണ്ടി സർക്കാരിൽ സമർപ്പിച്ച കിഫ്ബി പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക (കോടിയിൽ) |
|---|---|---|
| 1 | പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, തോട്ടപുഴശ്ശേരി, കോയിപ്പുറം, പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി | 85 |

അനുബന്ധം 2

## കമ്മീഷൻ ചെയ്ത കിഫ്ബി പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുമതി ലഭിച്ച തുക (കോടിയിൽ) | തൽസ്ഥിതി |
|---|---|---|---|
| 1 | ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും, വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി | 35 | പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. |
| 2 | ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം | 16.5 | പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. |
| 3 | കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി - വിതരണശൃംഖല മെച്ചപ്പെടുത്തൽ, | 12 | പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. |
| 4 | മാനന്തവാടി. എടവക. നല്ലൂർനാട് വില്ലേജുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിതരണശൃംഖല വ്യാപിക്കൽ | 18 | പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. |
| 5 | അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഘട്ടം -1 | 10 | പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. |

Renuka Sankar
സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| **തിരുവനന്തപുരം കോർപറേഷൻ** | | | |
| 1 | അരുവിക്കരയിലെ 75 MLD പുതിയ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം. | 70.00 | ടി പ്രവർത്തി പുരോഗമിക്കുന്നു |
| 2 | വെള്ളയമ്പലം, പോങ്ങുംമൂട് , കവടിയാർ എന്നിവിടങ്ങളിൽ സ്മാർട്ട് ഓഫീസുകളുടെ നിർമ്മാണം | 1.75 | ടി പ്രവർത്തി പുരോഗമിക്കുന്നു |
| 3 | തിരുവനന്തപുരം കോർപ്പറേഷനിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കൽ -ഒന്നാം ഘട്ടം & രണ്ടാം ഘട്ടം | 2.29 | ടി പ്രവർത്തി 2 ഭാഗങ്ങളായി വിഭജിച്ച്, രണ്ടിനും വർക്ക് ഓർഡർ നൽകി. ഇതിൽ 1 എണ്ണം പ്രവർത്തി ആരംഭിച്ചു. |
| 4 | തിരുവനന്തപുരം കോർപ്പറേഷനിൽ ഫ്ലോ മീറ്ററുകൾ സ്ഥാപിക്കൽ. | 7.50 | ടി പ്രവർത്തിയുടെ ടെണ്ടർ പരിശോധന പുരോഗമിക്കുന്നു |
| 5&6 | തിരുവനന്തപുരം കോർപറേഷനിലെ പഴയ കേടുവന്ന പൈപ്പ് ലൈനുകളുടെയും സർവീസ് കണക്ഷനുകളുടെയും മാറ്റി സ്ഥാപിക്കൽ ( ഒന്നാം ഘട്ടം) | 15.00 | ടി പ്രവർത്തി 32 ഭാഗങ്ങളായി വിഭജിക്കുകയും ഇവയെല്ലാം തന്നെ വർക്ക് ഓർഡർ നൽകി. ഇതിൽ 10 എണ്ണം പൂർത്തീകരിയ്ക്കുകയും 6 എണ്ണം പണി പുരോഗമിക്കുകയും ചെയ്യുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 7 | തിരുവനന്തപുരം കോർപറേഷനിലെ പഴയ കേടുവന്ന പൈപ്പ് ലൈനുകളുടെയും സർവീസ് കണക്ഷനുകളുടെയും മാറ്റി സ്ഥാപിക്കൽ ( രണ്ടാം ഘട്ടം) | 2.50 | ടി പ്രവർത്തി 7 ഭാഗങ്ങളായി വിഭജിക്കുകയും ഇവയെല്ലാം തന്നെ വർക്ക് ഓർഡർ നൽകി. ഇതിൽ 2 എണ്ണം പൂർത്തീകരിയ്ക്കുകയും 5 എണ്ണം പണി പുരോഗമിക്കുകയും ചെയ്യുന്നു. |
| **കൊല്ലം കോർപറേഷൻ** | | | |
| 1 | കൊല്ലം കോർപ്പറേഷനിൽ പഴയ കേടുവന്ന എ.സി പൈപ്പ് ലൈനുകൾ മാറ്റി പഴയാറ്റിൻകുഴി ജലസംഭരണിയിൽ നിന്ന് കൊല്ലം കോപ്പറേഷനിലെ അമ്മൻനട ഡിവിഷനിൽ വിതരണ ശൃംഖല സ്ഥാപിക്കൽ | 6.59 | പൂർത്തീകരിച്ചു |
| 2 | കൊല്ലം കോർപ്പറേഷനിൽ മാടൻനട ജംഗ്ഷനിൽ നിന്ന് പോളയത്തോട് ജങ്ഷൻ വരെയുള്ള 250 മില്ലിമീറ്റർ DI K-9 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | ടി പ്രവർത്തിക്ക് കരാർ നൽകിയിട്ടുണ്ട്. ഈ പ്രവർത്തിക്കായി NH റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 3 | കൊല്ലം കോർപ്പറേഷനിൽ പഴയ കേടുവന്ന എ.സി പൈപ്പ് ലൈനുകൾ മാറ്റി, പാർവതി മില്ലിനടുത്തുള്ള ജല സംഭരണി മുതൽ ആണ്ടാമുക്കം, താമരകുളം, കണ്ടോൺമെന്റ് ഏരിയ വരെ, ചിന്നക്കട മുതൽ മുണ്ടക്കൽ ബീച്ച് വരെ പൈപ്പ് ലൈൻ സ്ഥാപിക്കൽ. | | ടി പ്രവർത്തി പുരോഗമിക്കുന്നു |
| 4 | കൊല്ലം കോർപ്പറേഷനിൽ 7 മുതൽ 11 വരെയുള്ള ഡിവിഷനുകളിൽ കടിവെള്ള വിതരണം മെച്ചപ്പെടുത്തൽ - 110 എം.എം പി.വി.സി - 2500 മി, 90 എം.എം പി.വി.സി - 4500 മി സ്ഥാപിക്കൽ. | | പൂർത്തീകരിച്ചു |
| 5 | കൊല്ലം കോർപ്പറേഷനിൽ 7 മുതൽ 11 വരെയുള്ള ഡിവിഷനുകളിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തൽ - കേടായ പമ്പ്സെറ്റ് മാറ്റി സ്ഥാപിക്കൽ. | | പൂർത്തീകരിച്ചു |
| 6 | ആനന്ദവല്ലേശ്വരം ബൂസ്റ്റർ പമ്പ് ഹൗസിൽ 50HP / 75HP വി.ടി പമ്പുകൾ മാറ്റി സ്ഥാപിക്കൽ. | | പൂർത്തീകരിച്ചു |
| 7 | കൊല്ലം കോർപ്പറേഷനിൽ ട്യൂബ് വെൽ പമ്പ് ഹൗസിൽ ക്ലോറിനേറ്റർ സംവിധാനത്തിന്റെ സ്ഥാപിക്കൽ | | പൂർത്തീകരിച്ചു |
| 8 | ആനന്ദവല്ലേശ്വരം ബൂസ്റ്റർ പമ്പ് ഹൗസിൽ 100 കി.ഗ്രാം ക്ലോറിൻ സിലിണ്ടറുള്ള ക്ലോറിനേറ്റർ സംവിധാനത്തിന്റെ സ്ഥാപിക്കൽ | | പൂർത്തീകരിച്ചു |

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 9 | പുതിയ സർവീസ് കണക്ഷനുകൾ സ്ഥാപിക്കൽ ( ഒന്നാം ഘട്ടം) | 7.00 | ടി പ്രവർത്തി 6 പാക്കേജ് ആയി വിഭജിച്ച് ഇവയിൽ 4 എണ്ണത്തിന് വർക്ക് ഓർഡർ നൽകി. ഇതിൽ 3 എണ്ണം പണി പുരോഗമിക്കുന്നു. ബാക്കിയുള്ള 1 പ്രവർത്തിക്ക് പുനർദർഘാസ് ക്ഷണിച്ചു. 1 പ്രവർത്തിയുടെ ടെണ്ടർ പരിശോധന പുരോഗമിക്കുന്നു |
| 10 | കൊല്ലം കോർപ്പറേഷന്റെ ജലവിതരണ സമ്പ്രദായത്തിന്റെ മെച്ചപ്പെടുത്തൽ | 80.71 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 11 | പുതിയ സർവീസ് കണക്ഷനുകൾ സ്ഥാപിക്കൽ -( രണ്ടാം ഘട്ടം) | 7.90 | ടി പ്രവർത്തിയ്ക്ക് പുനർദർഘാസ് ക്ഷണിച്ചു. |
| **ആലപ്പുഴ** | **മുനിസിപാലിറ്റി** | | |
| 1 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ജലവിതരണ സംവിധാനത്തിന്റെ നവീകരണം (ഘട്ടം -1) | 33.9 | ടി പ്രവർത്തി 8 പാക്കേജ് ആയി വിഭജിക്കുകയും ഇവയിൽ 5 എണ്ണത്തിന് വർക്ക് ഓർഡർ നൽകി. ഇതിൽ 1 എണ്ണം പൂർത്തീകരിയ്ക്കുകയും 4 എണ്ണം പണി പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ 3 പ്രവർത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ക്ഷണിച്ചു. |
| 2 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ജല വിതരണ സംവിധാനത്തിന്റെ നവീകരണം (ഘട്ടം -2) | 56.87 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 3 | ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ജല വിതരണ വിതരണ സംവിധാനത്തിന്റെ നവീകരണം (ഘട്ടം -3) | 58.13 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| **കൊച്ചി** | **കോർപറേഷൻ** | | |
| 1 | കരുവേലിപ്പടി മുതൽ ക്ലബ്ബ്രോഡ് വരെയുള്ള 525mm പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 3.65 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 2 | കരുവേലിപ്പടിയിൽ 15 ലക്ഷം ലിറ്റർ ഭൂതല ജല സംഭരണിയുടെ നിർമ്മാണം. | 3.20 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 3 | പഴയ 250 മില്ലി മീറ്റർ കാസ്റ്റ് അയൺ പൈപ്പ് മാറ്റി പകരം 300 മില്ലി മീറ്റർ ഡി. ഐ കെ - 9 പൈപ്പ് കോന്തുരുത്തി റോഡിലൂടെ സ്ഥാപിക്കൽ | 0.82 | പണി പൂർത്തീകരിച്ചു. |
| 4 | പണ്ഡിറ്റ് കറുപ്പൻ റോഡിൻറെ ഇരു വശങ്ങളിലുമുള്ള കേടായ 100 mm AC പൈപ്പ് ലൈൻ മാറ്റി 160 mm പി.വി.സി റൈഡർ ലൈൻ സ്ഥാപിക്കൽ | 1.61 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 5 | വളഞ്ഞമ്പലം മുതൽ രവിപുരം വരെ 100 മില്ലി മീറ്റർ കാസ്റ്റ് അയൺ പൈപ്പ് ലൈൻ മാറ്റി 160 മില്ലിമീറ്റർ, 110 മില്ലിമീറ്റർ പി.വി.സി പൈപ്പുകൾ സ്ഥാപിക്കൽ | 0.66 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 6 | അത്തർ എടക്കൊച്ചി പാലത്തിന്റെ വടക്കേ അറ്റം മുതൽ ഇടക്കൊച്ചി ജലസംഭരണി വരെ 450 മില്ലിമീറ്റർ, ഡി. ഐ കെ- 9 പൈപ്പ് സ്ഥാപിക്കൽ | 1.52 | പണി പൂർത്തീകരിച്ചു. |
| 7 | മരട് ജല ശുദ്ധീകരണ ശാല മുതൽ തമ്മനം പമ്പ് ഹൗസ് വരെയുള്ള 500 മില്ലിമീറ്റർ, ഡി. ഐ പൈപ്പ് സ്ഥാപിക്കൽ | 16.5 | ഈ പ്രവർത്തി പുരോഗമിക്കുന്നു. NHAI റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 8 | കത്രിക്കടവ് മുതൽ എളങ്കുളം, ചെട്ടിച്ചിറ, പൊന്നുരുന്നി പ്രദേശങ്ങളിലും ചക്കരപറമ്പ് പ്രദേശത്തും വിതരണ ലൈനുകൾ സ്ഥാപിക്കൽ | 3.25 | ടി പ്രവർത്തി പുരോഗമിക്കുന്നു . GCDA, PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 9 | പച്ചാളത്ത് 17 ലക്ഷം ലിറ്റർ ജല സംഭരണിയുടെയും 2.5ലക്ഷം ലിറ്റർ ഭൂതല ജല സംഭരണിയുടെയും നിർമ്മാണം. | 7.75 | ടി പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകി. |
| 10 | ചേരാനല്ലൂരിൽ 15 ലക്ഷം ലിറ്റർ ജല സംഭരണിയുടെയും 2ലക്ഷം ലിറ്റർ ഭൂതല ജല സംഭരണിയുടെയും നിർമ്മാണം. | 7.75 | ടി പ്രവർത്തി പുരോഗമിക്കുന്നു |
| 11 | തേവരയിൽ 10 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമ്മാണം. | 5.6 | ടി പ്രവർത്തി പുരോഗമിക്കുന്നു |
| 12 | തമ്മനം പമ്പ് ഹൗസ് മുതൽ കടവന്ത്ര ജല സംഭരണി വരെ 500 മില്ലി മീറ്റർ ഡി. ഐ പമ്പിംഗ് മെയിൻ സ്ഥാപിക്കൽ. | 7.65 | ടി പ്രവർത്തി പുരോഗമിക്കുന്നു . GCDA റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 13 | കതൃക്കടവ് മുതൽ പച്ചാളത്തെ നിർദ്ദിഷ്ട 17 ലക്ഷം ലിറ്റർ ജല സംഭരണി വരെ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 10.7 | ടി പ്രവർത്തി പുരോഗമിക്കുന്നു . GCDA, PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 14 | ഇടക്കൊച്ചിയിൽ 13 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമ്മാണം. | 6.00 | ടി പ്രവർത്തിയുടെ പൈലിങ്ങ് ജോലികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭമായി സെറ്റിംഗ് ഔട്ട് പൂർത്തിയാക്കിയിട്ടുണ്ട്. |
| 15 | കരുവേലിപ്പടിയിൽ 25 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമാണം | 11.65 | ടി പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകി. |
| 16 | കലൂരിൽ 40 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമാണം | 15.00 | ടി പ്രവർത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ ക്ഷണിച്ചു. |
| 17 | പെരുമാനൂർ മുതൽ രവിപുരം വരെ 400 മില്ലിമീറ്റർ, ഡി. ഐ കെ- 9 പൈപ്പ് സ്ഥാപിക്കൽ | 4.40 | ടി പ്രവർത്തി പുരോഗമിക്കുന്നു |
| 18 | കേടായ സർവീസ് കണക്ഷനുകളുടെ മാറ്റി സ്ഥാപിക്കൽ -5000 എണ്ണം | 5.00 | ടി പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകി. |
| **തൃശ്ശൂർ കോർപറേഷൻ** | | | |
| 1 | കേടായ മീറ്ററുകളുടെ മാറ്റി സ്ഥാപിക്കൽ | 3.00 | ടി പ്രവർത്തി പുരോഗമിക്കുന്നു |
| 2 | ബൾക്ക് ഫ്ലോ മീറ്റർ മീറ്ററുകൾ സ്ഥാപിക്കൽ | 1.00 | പൂർത്തീകരിച്ചു |
| 3 | പീച്ചി ഡാം മുതൽ 36 MLD ജലശുദ്ധീകരണശാലയിലെ ഏയ്റേറ്റർ വരെ 700 മില്ലിമീറ്റർ ഡി. ഐ K9 പൈപ്പ് സ്ഥാപിക്കൽ | 1.00 | പൂർത്തീകരിച്ചു |
| 4 | കോർപ്പറേഷൻ ഏരിയയിലേക്ക് നിലവിലുള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തൽ - പഴയ എ.സി / പ്രിമോ പൈപ്പുകൾ മാറ്റി പുതിയ പിവിസി, ഡി.ഐ പൈപ്പുകൾ സ്ഥാപിക്കൽ | 14.40 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 5 | കോർപ്പറേഷൻ പ്രദേശത്ത് നിലവിലുള്ള കേടുപാടുകൾ സംഭവിച്ച പമ്പ് ഹൗസുകളുടെ പുനരുദ്ധാരണം | 0.55 | പണി പൂർത്തീകരിച്ചു. |
| 6 | കുർക്കാഞ്ചേരി മേഖലയിലേക്കുള്ള ഡബ്ല്യൂ.എസ്.എസ് നവീകരണം - 400 മില്ലിമീറ്റർ ഡി.ഐ കെ -9 പൈപ്പുകൾ സ്ഥാപിക്കൽ, പഴയ 700 മില്ലിമീറ്റർ പ്രിമോ പൈപ്പുകൾ മാറ്റി പുതിയ 700 മില്ലിമീറ്റർ ഡി.ഐ കെ -9 പൈപ്പുകൾ സ്ഥാപിക്കൽ, നിലവിലുള്ള കേടുപാടുകൾ സംഭവിച്ച പമ്പുകൾ മാറ്റി 65HP സെൻട്രിഫ്യൂഗൽ പമ്പുകൾ സ്ഥാപിക്കൽ. | 3.41 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 7 | നിലവിലുള്ള സ്കീമുകൾ പൂർത്തീകരിക്കൽ - ഒല്ലൂർ -20 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും | 11.40 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 8 | തൃശ്ശൂർ കോർപ്പറേഷനിൽ ഒല്ലൂക്കര സോണിൽ 3 MLD ജല ശുദ്ധീകരണശാലയുടെയും ജല സംഭരണിയുടെയും നിർമ്മാണവും പമ്പിംഗ് മെയിൻ സ്ഥാപിക്കലും . | 6.00 | ടി പ്രവർത്തിക്ക് സ്ഥലം ലഭ്യമായിട്ടില്ല |
| 9 | പീച്ചിയിൽ 20 MLD പുതിയ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം. | 17.30 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 10 | തൃശ്ശൂർ കോർപ്പറേഷൻ പ്രദേശത്ത് കേടായ എ. സി പൈപ്പുകൾ മാറ്റി DI K -9 & PVC പൈപ്പുകൾ സ്ഥാപിക്കൽ | 12.95 | ഈ പ്രവർത്തി പുരോഗമിക്കുന്നു. റോഡ് കട്ടിംഗ് അനുമതി PWD-യിൽ നിന്ന് ലഭിച്ചാൽ മാത്രമേ പ്രവർത്തി പൂർത്തീകരിയ്ക്കുവാൻ സാധിക്കുകയുള്ളൂ. |
| 11 | തൃശ്ശൂർ കോർപ്പറേഷനിൽ വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ - പാർട്ട് 1 | 8.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 12 | തൃശ്ശൂർ കോർപ്പറേഷനിൽ വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ - പാർട്ട് 2 | 17.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 13 | കിഴക്കുംപാട്ടുകര ജല സംഭരണി മുതൽ നെല്ലിക്കുന്ന് വരെ വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ | 6.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 14 | പട്ടിക്കാട് 33 കെ.വി സബ് സ്റ്റേഷൻ മുതൽ പീച്ചി ജലശുദ്ധീകരണ ശാല വരെ പവർ ഫീഡർ ലൈൻ സ്ഥാപിക്കൽ | 3.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 15 | ആനപ്പാറയിൽ 10ലക്ഷം ലിറ്റർ ജല സംഭരണി നിർമ്മാണവും ചേറൂർ 5LL ഭൂതല സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 8.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 16 | ആനപ്പാറ വില്ലടം പ്രദേശത്ത് വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ | 5.80 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 17 | കുട്ടനെല്ലൂരിലെ 5 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 8.00 | ഈ പ്രവർത്തി ആരംഭിച്ചിട്ടുണ്ട് . PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 18 | പീച്ചിയിൽ ഫ്ലോട്ടിംഗ് ഇൻ ടേക്ക് സ്ട്രക്ചർ സ്ഥാപിക്കൽ | 5.00 | ടി പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകി കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട് . |
| **ഗുരുവായൂർ മുനിസിപാലിറ്റി** | | | |
| 1 | ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ ജല വിതരണ സംവിധാനം മെച്ചപ്പെടുത്തൽ - ഗുരുവായൂർ ടൌണിലും പൂക്കോട് പ്രദേശത്തും വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ | 13.72 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 2 | ഗുരുവായൂരിൽ 10 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 15.50 | ടി പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകി കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട് . |
| 3 | ഗുരുവായൂരിൽ ജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ (ഘട്ടം -2) | 77.18 | ടി പ്രവർത്തി 2 പാക്കേജുകളായി വിഭജിച്ച് പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 4 | തൈക്കാട് പ്രദേശത്ത് വിവിധ വിതരണ ലൈനുകളുടെ സ്ഥാപിക്കൽ | 10.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| 5 | പൂക്കോട് 10 ലക്ഷം ലിറ്റർ ജല സംഭരണിയുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 19.68 | ഈ പ്രവർത്തി പുരോഗമിക്കുന്നു. PWD റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ ബാക്കി പ്രവർത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| **പാലക്കാട് മുനിസിപാലിറ്റി** | | | |
| 1 | പുത്തൂർ Jn നിൽ നിന്നും മൂത്തൻതറ ജല സംഭരണി വരെ 600 മില്ലി മീറ്റർ ഡി-ഐ കെ 9 - പൈപ്പ് സ്ഥാപിക്കൽ | 5.44 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 2 | മൂത്തൻതറ മുതൽ കൽമണ്ഡപം വരെ പുതിയ 450 മില്ലി മീറ്റർ DI-K9 പൈപ്പ് സ്ഥാപിക്കൽ | 4.56 | |
| 3 | മലമ്പുഴ ജലശുദ്ധീകരണ ശാല മുതൽ മാട്ടുമന്ത വരെ 600 മില്ലി മീറ്റർ ഡി-ഐ കെ -9 -പൈപ്പ് സ്ഥാപിക്കൽ | 6.25 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 4 | വൈദ്യുതകാന്തിക ഫ്ലോ മീറ്ററുകൾ സ്ഥാപിക്കൽ | 0.50 | ടി പ്രവർത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് വർക്ക് ഓർഡർ നൽകി കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട് . |
| 5 | കൽമണ്ഡപം 16ലക്ഷം ലിറ്റർ ജല സംഭരണി നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | 3.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 6 | മലമ്പുഴ, കെ.ഡബ്ലിയു.എ. വളപ്പിൽ 45 എംഎൽഡി ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം. | 22.25 | ഈ പ്രവർത്തി ആരംഭിച്ചു. |

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 7 | കേടായ പമ്പ് സെറ്റ്, ട്രാൻസ്ഫോമറുകൾ മാറ്റി സ്ഥാപിക്കൽ | 13.00 | ടി പ്രവർത്തി 2 പാക്കേജുകളായി വിഭജിക്കുകയും ഇവയിൽ 2 എണ്ണത്തിനും വർക്ക് ഓർഡർ നൽകി രണ്ടെണ്ണം പണി പുരോഗമിക്കുകയും ചെയ്യുന്നു. |
| 8 | 76.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള 2 ജല സംഭരണികളുടെ നിർമ്മാണവും അനുബന്ധ പ്രവർത്തികളും. | | |
| 9 | ശരിയായ സോണിങ്ങിനു വേണ്ട റൈഡർ മെയിൻ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ (500/450/400/350 mm DI (3 സോണൽ OHSRs)) -15 Km | 54.33 | ടി പ്രവർത്തി 6 പാക്കേജുകളായി വിഭജിക്കുകയും ഇവയിൽ 6 എണ്ണത്തിനും വർക്ക് ഓർഡർ നൽകി. ഇവയെല്ലാം പണി പുരോഗമിക്കുകയും ചെയ്യുന്നു. |
| 10 | ജലസേചന ബന്ധം (റോഡിന്റെ ഇരുവശവും), കണക്ഷനുകൾ മാറ്റുന്നതിനായി 160 മി.മീ പിവിസി - 30 കി. മി | | |
| 11 | ശരിയായ സോണിങ്ങിനു വേണ്ട റൈഡർ മെയിൻ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ (500/450/400/350 mm DI (3 സോണൽ OHSRs)) -13 Km | | |
| 12 | ജലസേചന ബന്ധം (റോഡിന്റെ ഇരുവശവും), കണക്ഷനുകൾ മാറ്റുന്നതിനായി 160 മി.മീ പിവിസി - 38 കി. മി | | |
| 13 | നിലവിലുള്ള എ.സി പൈപ്പ് ലൈനുകളുടെ സ്ഥാനത്ത് 150/200 / 250mm DI-K9 - 6 കിമി സ്ഥാപിക്കൽ | | |
| 14 | പൊതു ടാപ്പിനെ ഉന്മൂലനം ചെയ്യാനും NRW കുറയ്ക്കാനും എല്ലാ ജല കണക്ഷനുകളും നൽകുക - 9000 എണ്ണം | | |
| **കോഴിക്കോട് കോർപറേഷൻ** | | | |
| 1 | കോഴിക്കോട് കോര്പ്പറേഷനിൽ നിലവിലുള്ള പഴയ പൈപ്പുകൾ, വാൽവുകൾ മാറ്റി പുതിയ ലൈനുകൾ ഇട്ടു വാട്ടർ മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തി | 17.87 | ടി പ്രവർത്തി 8 ഭാഗങ്ങളായി വിഭജിക്കുകയും ഇവയിൽ 7 എണ്ണത്തിന് വർക്ക് ഓർഡർ നൽകി. ഇതിൽ 2 എണ്ണം പൂർത്തീകരിയ്ക്കുകയും 4 എണ്ണം പണി പുരോഗമിക്കുകയും ചെയ്യുന്നു. കൂടാതെ 1 പ്രവർത്തിയ്ക്ക് കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുണ്ട് . ഒരു പ്രവർത്തിയുടെ ടെണ്ടർ പരിശോധന പുരോഗമിക്കുന്നു. |
| 2 | കോഴിക്കോട് കോര്പ്പറേഷനിൽ നിലവിലുള്ള പഴയ പൈപ്പുകൾ, വാൽവുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുന്ന പ്രവർത്തി - ഫേസ് II | 14.63 | ടി പ്രവർത്തി 7 ഭാഗങ്ങളായി വിഭജിക്കുകയും ഇവയെല്ലാം തന്നെ വർക്ക് ഓർഡർ നൽകി. ഇതിൽ 5 എണ്ണം പൂർത്തീകരിയ്ക്കുകയും 2 എണ്ണം പണി പുരോഗമിക്കുകയും ചെയ്യുന്നു. |
| 3 | നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തി കോഴിക്കോട് കുടിവെള്ള വിതരണ പദ്ധതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ | 17.27 | ടി പ്രവർത്തി 3 ഭാഗങ്ങളായി വിഭജിക്കുകയും ഇവയെല്ലാം തന്നെ വർക്ക് ഓർഡർ നൽകി. ഇതിൽ 2 എണ്ണം പണി പുരോഗമിക്കുന്നു. |
| 4 | സംയോജിത കോഴിക്കോട് കുടിവെള്ള വിതരണ പദ്ധതി - ഫേസ് II - 10 സോണുകളിൽ വിതരണ ശൃംഖല സ്ഥാപിക്കൽ | 46.55 | ടി പ്രവർത്തി 10 ഭാഗങ്ങളായി വിഭജിക്കുകയും ഇവയെല്ലാം തന്നെ വർക്ക് ഓർഡർ നൽകി. ഇതിൽ 6 എണ്ണം പണി പുരോഗമിക്കുന്നു. |
| **കണ്ണൂർ കോർപറേഷൻ** | | | |
| 1 | മങ്ങാട്ട്പറമ്പ് മുതൽ പള്ളിക്കുന്ന്, പുഴതി വില്ലേജുകൾക്കായി പള്ളിക്കുന്ന് ഒ.എച്ച്.എസ്.ആർ. വരെ ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ | 23.50 | ഈ പ്രവർത്തി പുരോഗമിക്കുന്നു. ഈ പ്രവർത്തിക്കായി NH റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ പ്രവർത്തി പൂർത്തീകരിയ്ക്കുവാൻ സാധിക്കുകയുള്ളൂ. |
| 2 | പള്ളിക്കുന്ന്, പുഴതി വില്ലേജുകൾക്ക് പള്ളിക്കുന്നിൽ 24LL OHSR നിർമ്മാണം. | 4.05 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 3 | നിലവിലുള്ള പഴയ വിതരണ ശൃംഖല, വാൽവ്, ഹൗസ് സർവീസ് കണക്ഷൻ, നിലവിലുള്ള ലൈനുകളുമായുള്ള സംയോജിപ്പിക്കലും അനുബന്ധ പ്രവർത്തികളും. | 15.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. ഈ പ്രവർത്തിക്കായി NH റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ പ്രവർത്തി പൂർത്തീകരിയ്ക്കുവാൻ സാധിക്കുകയുള്ളൂ. |
| 4 | തൊട്ടട - എടക്കാട് സോൺ III യിൽ 14 എൽ എൽ OHSR നിർമ്മാണം. | 3.00 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 5 | തൊട്ടടയിലെ OHSR ൽ നിന്നും Avera ലേക്ക് പൈപ്പ് സ്ഥാപിക്കൽ | 6.80 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (കോടിയിൽ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 6 | പഴയ വിതരണ ശൃംഖലപുനരുദ്ധാരണം - ഹൗസ് കണക്ഷനുകൾ ബന്ധിപ്പിക്കൽ | 16.90 | ഈ പ്രവർത്തി പുരോഗമിക്കുന്നു. ഈ പ്രവർത്തിക്കായി NH റോഡ് കട്ടിംഗ് അനുമതി ലഭിച്ചാൽ മാത്രമേ പ്രവർത്തി പൂർത്തീകരിയ്ക്കുവാൻ സാധിക്കുകയുള്ളൂ. |
| 7 | നിലവിലുള്ള WTP 30 എംഎൽഡി യിൽ നിന്നും 40 എംഎൽഡി ശേഷി ഉയർത്തൽ | 7.80 | ഈ പ്രവർത്തി പുരോഗമിക്കുന്നു. |
| 8 | പുതിയ വിതരണ ലൈൻ 385km സ്ഥാപിക്കലും സർവീസ് കൺനെക്ഷനുകളും - എടക്കാട്, എളയാവൂർ, പള്ളിക്കുന്ന്, പുഴാത്തി മേഖല | 17.47 | ടി പ്രവർത്തി 3 ഭാഗങ്ങളായി വിഭജിക്കുകയും പള്ളിക്കുന്ന്, പുഴാത്തി മേഖലയിൽ പണി പൂർത്തീകരിച്ചു. ബാക്കി പ്രവർത്തി പുരോഗമിക്കുന്നു. |
| 9 | നിലവിലുള്ള പഴയ വിതരണ ശൃംഖല, വാൽവ്, ഹൗസ് സർവീസ് കണക്ഷൻ, മാറ്റി സ്ഥാപിക്കൽ - എടക്കാട്, എളയാവൂർ, മേഖല | 19.95 | ടി പ്രവർത്തി 2 ഭാഗങ്ങളായി വിഭജിച്ച് പ്രവർത്തികൾ പുരോഗമിക്കുന്നു. |
| | **ആകെ** | **1050.86** | |

Renuka Sankar
ഒപ്പ് [illegible]